ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 15.10.2024**

## പ്രധാനവാർത്തകൾ

1) **അൾജീരിയ സന്ദർശനത്തിൻറെ മൂന്നാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സിദി അബ്ദെല്ല സയൻസ് ആന്റ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെ അഭിസംബോധന ചെയ്യും.**

2) **ടെലികോമിൻറെയും അനുബന്ധ സാങ്കേതിക വിദ്യകളുടെയും ഉപയോഗത്തിൽ ഇന്ത്യ മുൻപന്തിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ടെലികമ്മ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലി ന്യൂഡൽഹിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.**

3) **ശബരിമലയിൽ സ്പോട്ട് ബുക്കിംഗ് സംവിധാനം തുടരുമെന്നും തീർത്ഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം ഉറപ്പുവരുത്തുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.**

4) **സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിൻമേൽ നിയമസഭയിൽ ചർച്ച ആരംഭിച്ചു.**

PNU TVPM

5) മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ തിയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും.

6) സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

****************************************************************

**രാഷ്ട്രപതി സന്ദർശനം**

അൾജീരിയ സന്ദർശനത്തിൻറെ മൂന്നാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെ ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിൻറെ ഛായാചിത്രത്തിൽ രാഷ്ട്രപതി മുർമു പുഷ്പാർച്ചന നടത്തും. തുടർന്നു സിദി അബ്ദുല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെ അഭിസംബോധന ചെയ്യും. കടൽജല ശുദ്ധീകരണ പദ്ധതി, ഹമ്മ ഗാർഡൻ തുടങ്ങിയ സ്ഥലങ്ങളും രാഷ്ട്രപതി സന്ദർശിക്കും. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ മൗറിറ്റാനിയയിലേക്ക് പോകും. ഈ മാസം 17 മുതൽ 19 വരെ രാഷ്ട്രപതി മലാവിയും സന്ദർശിക്കും.

RNUTVPM

****************************************************************

**പ്രധാനമന്ത്രി - ടെലികമ്മ്യൂണിക്കേഷൻ**

ടെലികോമിൻറെയും അനുബന്ധ സാങ്കേതിക വിദ്യകളുടെയും ഉപയോഗത്തിൽ ഇന്ത്യ മുൻപന്തിയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇൻ്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ്റെ വേൾഡ് ടെലികമ്മ്യൂണിക്കേഷൻ

സ്റ്റാൻഡേർഡൈസേഷൻ അസംബ്ലി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്ത് 120 കോടി മൊബൈൽ ഉപയോക്താക്കളാണ് ഉള്ളത്. 95 കോടിയിലധികം ജനങ്ങൾ ഇൻറർനെറ്റ് സംവിധാനം ഉപയോഗിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഇന്ത്യ മൊബൈൽ കോൺഗ്രസും ശ്രീ മോദി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തിന് മുന്നോടിയായി ITU വേൾഡ് ടെലികമ്മ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലിയിലെ എക്സിബിഷൻ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശിച്ചു. ആദ്യമായാണ് ഇന്ത്യ പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കുന്നത്.

***************************************************************

<u>**ശബരിമല – മുഖ്യമന്ത്രി – (ഇൻട്രോ)**</u>

RAJU TVPM

ശബരിമല ദർശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെ എത്തുന്ന തീർത്ഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ വർഷങ്ങളിൽ ഇത്തരത്തിൽ ദർശനം ഉറപ്പുവരുത്തിയിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. തീർത്ഥാടകർക്ക് സന്നിധാനത്തും പമ്പയിലും ഇടത്താവളങ്ങളിലും സൗകര്യങ്ങൾ ഒരുക്കുന്നതിന് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നിയമസഭയിൽ വി. ജോയിയുടെ സബ്മിഷന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

<u>**(ഹോൾഡ്...................)**</u>

നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 12 അത്യാഹിത മെഡിക്കൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി സഭയിൽ പറഞ്ഞു.

*************************************************************

**നിയമസഭ-അടിയന്തര പ്രമേയം**

സംസ്ഥാനത്തെ ധനകാര്യ പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിൻമേൽ നിയമസഭയിൽ ചർച്ച ആരംഭിച്ചു. പ്രതിപക്ഷത്ത് നിന്നും മാത്യു കുഴൽനാടനാണ് ഉപക്ഷേപത്തിന് നോട്ടിസ് നൽകിയത്. കേരളത്തിലെ ധനകാര്യ പ്രതിസന്ധി ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണെന്ന് വ്യക്തമാക്കി കൊണ്ടാണ് ധനമന്ത്രി കെ എൻ ബാലഗോപാൽ ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ചത്.

*************************************************************

**നിയമസഭ വി എൻ വാസവൻ - (ഇൻട്രോ)**

കഴിഞ്ഞ മാസം വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന് വിഴിഞ്ഞം തുറമുഖത്ത് 19 കപ്പലുകളിൽ നിന്നായി 4.7 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചതായി മന്ത്രി വി എൻ വാസവൻ. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട 50 ശതമാനം തൊഴിലുകൾ പ്രദേശവാസികൾക്ക് നൽകുമെന്ന ഉറപ്പ് പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.

(വോയിസ്.................)

*************************************************************

RNU TVPM

## നിയമസഭ- കെ.എൻ ബാലഗോപാൽ

കർണാടകയിൽ നിന്നും, മാഹിയിൽ നിന്നും ആഭ്യന്തര ഉപയോഗത്തിനെന്ന പേരിൽ വലിയ തോതിൽ ഇന്ധനം വാങ്ങി സംസ്ഥാനത്ത് ചില്ലറ വില്പന നടത്തുന്ന സംഘങ്ങൾക്ക് എതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. നിരവധി കേസുകൾ ഇതിനകം തന്നെ പിടിച്ചതായും പിഴയടക്കം ഉള്ള നടപടികൾ ഇതിനെതിരെ സ്വീകരിക്കുമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. ജി. എസ്. ടി യ്ക്ക് മുൻപുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള ആംനസ്റ്റി പദ്ധതി സംസ്ഥാനത്ത് ഓഗസ്റ്റ് 1 മുതൽ നടപ്പാക്കിയതായും അദ്ദേഹം അറിയിച്ചു.

*****************************************************************

## എഡിജിപി റിപ്പോർട്ട് -നിയമസഭ

RNUTVPM

എ.ഡി.ജി.പി M R അജിത് കുമാറുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വച്ചു. അന്വേഷണ റിപ്പോർട്ടുകളെ സംബന്ധിച്ച് വസ്തുതാപരമല്ലാത്ത വാർത്തകളും ഊഹാപോഹങ്ങളും പ്രചരിക്കുന്ന സാഹചര്യത്തിലാണ് റിപ്പോർട്ടുകളുടെ പകർപ്പ് നിയമസഭയിൽ സമർപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ഇവയിലെ കണ്ടെത്തലുകളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണെന്നും ടി.പി. രാമകൃഷ്ണന്റെ സബ്മിഷന് മറുപടിയായി അദ്ദേഹം പറഞ്ഞു. എ.ഡി.ജി.പിക്കെതിരായ ആരോപണങ്ങൾ സംബന്ധിച്ച രണ്ട് അന്വേഷണ റിപ്പോർട്ടുകൾ ഈ മാസം അഞ്ചിനാണ് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചത്.

*****************************************************************

**ബ്രേക്ക്...............**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*****************************************************************

**മഹാരാഷ്ട്ര ഝാർഖണ്ഡ്**

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളുടെ തിയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. മഹാരാഷ്ട്ര നിയമസഭയുടെ കാലാവധി അടുത്ത മാസം 26 നും ഝാർഖണ്ഡ് നിയമസഭയുടെ കാലാവധി അടുത്ത വർഷം ജനുവരി 5-നും അവസാനിക്കും.

*****************************************************************

**വൈറ്റ് കെയിൻ ദിനം - (ഇൻട്രോ)**

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ചയില്ലാത്തവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിലേക്കും അവരുടെ കഴിവുകളിലേക്കും സമൂഹത്തിൻറെ ശ്രദ്ധയാകർഷിക്കുക ലക്ഷ്യമിട്ടാണ് ഒക്ടോബർ 15 വൈറ്റ് കെയിൻ ദിനമായി ആചരിക്കുന്നത്. ദിനാചരണത്തിൻറെ ഭാഗമായി, കാഴ്ചയില്ലാത്തവർക്ക് സൗജന്യമായി വൈറ്റ് കെയിൻ ലഭ്യമാക്കുന്നതിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിൻറെ തിരുവനന്തപുരത്തെ ആസ്ഥാന കേന്ദ്രത്തിൽ വൈറ്റ് കെയിൻ ബാങ്ക് ആരംഭിക്കും. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സംസ്ഥാന പ്രസിഡൻറ് ഡോ. ഹബീബ്. സി. ആകാശവാണി വാർത്തകളോട്.............

**(ഹോൾഡ്...............)**

*****************************************************************

RNUTVPM

## <u>കണ്ണൂർ എ.ഡി.എം</u>

കണ്ണൂർ A.D.M കെ. നവീൻ ബാബുവിനെ കണ്ണൂർ പള്ളിക്കുന്നിലെ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തി. പത്തനംതിട്ട സ്വദേശിയായ നവീൻ ബാബുവിന് കഴിഞ്ഞ ദിവസമാണ് പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റം ലഭിച്ചത്. ഇന്നലെ നടന്ന യാത്രയയപ്പ് യോഗത്തിനിടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻ◌്റ് എ.ഡി.എമ്മിനെ പരസ്യമായി വിമർശിക്കുകയും അഴിമതി ആരോപണം ഉന്നയിക്കുകയും ചെയ്തിരുന്നു.

***************************************************************

## <u>പ്രതിപക്ഷ നേതാവ് - എ.ഡി.എം ആത്മഹത്യ</u>

കണ്ണൂരിൽ ADM ആത്മഹത്യ ചെയ്ത സംഭവത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യയുടെ ഭാഗത്തു നിന്നുണ്ടായത് മനപ്പൂർവമായി അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എ. ഡി. എമ്മിന്റെ മരണത്തിനുപിന്നിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പങ്ക് അന്വേഷിക്കണമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പ്രസ്താവനയിൽ വ്യക്തമാക്കി.

RNU TVPM

***************************************************************

## <u>കണ്ണൂർ എ.ഡി.എം-പ്രതിഷേധം</u>

എ.ഡി.എം ന്റെ ആത്മഹത്യയെ തുടർന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഫീസിലേക്ക് യുവമോർച്ച കരിങ്കൊടിയുമായി പ്രതിഷേധം നടത്തി. യുവമോർച്ച ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ളവരെ പോലീസ് കസ്റ്റഡിയിൽ എടുത്തു.

***************************************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 6 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരപ്രദേശങ്ങളിൽ ചുവപ്പുജാഗ്രത നൽകിയിട്ടുണ്ട്.

*****************************************************************

**<u>ഡാം തുറക്കും</u>**

തിരുവനന്തപുരം നെയ്യാർ ഡാമിന്റെ നാലു ഷട്ടറുകൾ ഇന്ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് 5 cm വീതം ഉയർത്തുമെന്നും സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

RNU TVPM

*****************************************************************

**<u>മഴ - തമിഴ്നാട്</u>**

വടക്ക് കിഴക്കൻ മൺസൂൺ ആരംഭിക്കുന്നതിനാൽ തമിഴ്നാട്ടിൽ ചെന്നൈ മുതൽ വില്ലുപുരം വരെയുള്ള തീരദേശ ജില്ലകളിൽ ഈ മാസം 18 വരെ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരോട് സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറാനും ഐടി ജീവനക്കാർ വീട്ടിൽ നിന്ന് ജോലി ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട് . അടിയന്തര സാഹചര്യങ്ങളിൽ 1 9 1 3 എന്ന നമ്പറിൽ വിളിക്കാൻ പൊതുജനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

***************************************** *****************************************

*****************************************************************